# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1684 — 22.03.2012 ൽ മറുപടിക്ക്

## ആധാർ ബയോമെട്രിക് വിവര ശേഖരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ ആധാർ ബയോമെട്രിക് വിവര ശേഖരണം നടത്തുന്നതിന് കേരളത്തിൽ ചുമതലപ്പെടുത്തിയിരുന്ന അക്ഷയ കേന്ദ്രങ്ങളുടെ സംരംഭകർക്ക് പ്രസ്തുത വിവര ശേഖരണം നടത്തിയതിന്റെ പ്രതിഫലം നാളിതു വരെ ലഭ്യമാക്കാത്തതിന്റെ കാരണം എന്താണ്; | (എ) അക്ഷയ സംരംഭകർ ബയോമെട്രിക് വിവരശേഖരണം നടത്തിയ ശേഷം യു.ഐ.ഡി അതോറിറ്റി ഇവ പരിശോധിച്ച് കുറ്റവിമുക്തമായവയ്ക്ക് ആധാർ നമ്പർ അനുവദിക്കുന്ന മുറയ്ക്കാണ് പ്രതിഫലം ലഭിക്കുന്നത്. വിവരശേഖരണം പരിശോധിച്ച് യു.ഐ.ഡി നമ്പർ ലഭിക്കുന്നതു വരെയുള്ള പ്രക്രിയയ്ക്ക് 3 മുതൽ 5 മാസം വരെയുള്ള കാലതാമസം ഉണ്ടാകും. ആയതിനാൽ വിവരശേഖരണത്തിന് ശേഷം കുറഞ്ഞത് 5 മാസത്തിനു ശേഷം മാത്രമേ പ്രതിഫലം അനുവദിച്ചു കിട്ടുകയുള്ളൂ. ഈ പ്രതിഫലം ലഭിച്ചാൽ ഉടൻ തന്നെ ആയത് അക്ഷയയ്ക്ക് ലഭ്യമാക്കാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. നാളിതു വരെ ലഭ്യമായിട്ടുള്ള പ്രതിഫലം അക്ഷയയ്ക്ക് യഥാസമയം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രതിഫലം അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) യു.ഐ.ഡി അതോറിറ്റിയിൽ നിന്നും പ്രതിഫലം ലഭിക്കുന്നതിനുള്ള കാലതാമസം കുറയ്ക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) നാഷണൽ പോപ്പുലേഷൻ രജിസ്റ്ററിന്റെ വിവര ശേഖരണത്തോടൊപ്പം ആളുകളുടെ ബയോമെട്രിക് വിവരശേഖരണത്തിന് സ്വാതി സ്മാർട്ട് കാർഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ചുമതല നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ വിവര ശേഖരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഇന്ത്യൻ ടെലിഫോണിക് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ (ഐ.ടി.ഐ.എൽ) സർവ്വീസ് പ്രൊവൈഡറാണ് സ്വാതി സ്മാർട്ട് കാർഡ് പ്രൈവറ്റ് ലിമിറ്റഡ്. |
| (ഡി) ആധാറിനു വേണ്ടി ഒരിക്കൽ ബയോമെട്രിക് എടുത്തവർ വീണ്ടും ആയത് എടുക്കേണ്ടതില്ല എന്ന കേന്ദ്ര സർക്കാർ തീരുമാനം നിലവിലുണ്ടോ ? | (ഡി) ഒരു വ്യക്തി ആധാർ എൻറോൾമെന്റ് ചെയ്തിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ബയോമെട്രിക് വിവരങ്ങൾ വീണ്ടും എടുക്കേണ്ടതില്ലെന്നും എൻ.പി.ആർ-ന്റെ വിവരശേഖരണ സമയത്ത് പ്രസ്തുത ആധാർ നമ്പർ നൽകിയാൽ യു.ഐ.ഡി അതോറിറ്റിയിൽ നിന്നും അവ ശേഖരിക്കാമെന്നും കേന്ദ്ര രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ ആന്റ് സെൻസസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ